## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5801. — 25.05.2017 ൽ മറുപടിക്ക്

### വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ വേണ്ടി വിവിധ രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി. ഐ. പി. പി) ന്റെ നിർദ്ദേശമുണ്ട്. അവരുടെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഡി.ഐ.പി.പി. സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നത്. ഇതിനായി , വിവിധ മേഖലകളിൽ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ ഇത് മുന്നോട്ട് കൊണ്ടുപോകാൻ പഠനം നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ച് ക്ലിയറൻസിനുള്ള കാല താമസം ഒഴിവാക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും ആയതിലൂടെ വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. അതുവഴി വ്യവസായ മേഖലയിലെ അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ /ചട്ടങ്ങൾ, ഉത്തരവുകൾ, നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' (ഐ പി എഫ് എ) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്. |
| **(ബി)** | മുൻ സർക്കാർ നിക്ഷേപക സംഗമം നടത്തുന്നതിനു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കി യിട്ടുണ്ടോ; വ്യക്തമാക്കുമോ? | **(ബി)** | മുൻസർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ എസ് ഐ ഡി സി) മുഖേന നടത്തിയ നിക്ഷേപ സംഗമമാണ് 'എമെർജിംഗ് കേരള 2012'. പ്രസ്തുത സംഗമവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 19.73 കോടി രൂപ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ എസ് ഐ ഡി സി) മുഖേന ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**